പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 781

11/06/2014-ൽ
മറുപടിയ്ക്ക്

**<u>ക്ഷേത്രകാവുകളും കുളങ്ങളും സംരക്ഷിക്കാൻ നടപടി</u>**

**<u>ചോദ്യം</u>**

**<u>ഉത്തരം</u>**

ശ്രീ. പാലോട് രവി

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇതിനായി 2013-14 സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിരുന്നുവെന്നും ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ; | ബി) & സി) | ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണത്തനായി 2011-12 കാലയളവിൽ സർക്കാർ 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതു പ്രകാരം തിരുവിതാംകൂർ, മലബാർ ദേവസ്വം ബോർഡുകൾക്ക് 2 കോടി രൂപ വീതവും കൊച്ചിൻ ദേവസ്വം ബോർഡിന് 1 കോടി രൂപയും അനുവദിച്ചിരുന്നു. എന്നാൽ ടി ദേവസ്വം ബോർഡുകൾ തുക മാറാതെ ഫണ്ട് നഷ്ടപ്പെടുകയാണ് ചെയ്തത്. 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതികൾക്ക് വീണ്ടും 5 കോടി രൂപ പ്രഖ്യാപിച്ചതിൻെറ അടിസ്ഥാനത്തിൽ നഷ്ടപ്പെട്ട തുകയായ 5 കോടി രൂപയും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 5 കോടി രൂപയും ചേർത്ത് 10 കോടി രൂപയ്ക്ക് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും 2 കോടി രൂപ മാത്രമാണ് അനുവദിച്ചുതന്നിരുന്നത്. ഇതിൻെറ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി 03/02/2014 -ൽ ഒരു യോഗം വിളിച്ചു ചേർക്കുകയും യോഗ തീരുമാന പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 04/06/2014 തീയതിയിലെ സ.ഉ.(സാധാ) നം. 2462/2014/ ആർഡി പ്രകാരം 10 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | മിച്ചംവന്ന തുക 2014-15 വർഷം ഉൾപ്പെടുത്തി ചെലവഴിക്കുമോ; | | |

| | |
|---|---|
| ഡി) നെടുമങ്ങാട് പഴവടി ഗണപതി ക്ഷേത്രം, കരൂർ മഹാദേവ മഹാവിഷ്ണു ക്ഷേത്രം, തിരുനെല്ലൂർകോണം ക്ഷേത്രം എന്നിവയോടനുബന്ധിച്ചുള്ള കുളങ്ങളും കാവുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) പഴവടി സബ്ഗ്രൂപ്പിലെ ദേവസ്വം കുളം നവീകരിക്കുന്നത് സംബന്ധിച്ച് ഉപദേശക സമിതിയുടെ ആവശ്യപ്രകാരം ഉള്ളൂർ അസിസ്റ്റന്റ് എഞ്ചിനീയർ കുളത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കരൂർ ദേവസ്വത്തിനോട് ചേർന്നുള്ള രാമപുരം ദേവസ്വം വക കാവും, കുളവും സംരക്ഷിക്കുന്നതിനായി സർക്കാരിന്റെ കാവും കുളവും സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ